"ഭരണഭാഷ മാതൃഭാഷ"

ഗവ.കെ.എൻ.എം ആർട് സ് & സയൻസ് കോളേജ്, കാഞ്ഞിരംകുളം-695524,
ഫോൺ നം : 0471 - 2260092

A1/2885/20 15.01.2021

**<u>ദർഘാസ് പരസ്യം</u>**

കാഞ്ഞിരംകുളം ഗവണ്മെന്റ് കെ.എൻ.എം ആർട് സ് & സയൻസ് കോളേജിലേക്ക് അടങ്കൽ തുക Rs.200000/- (രണ്ട് ലക്ഷം മാത്രം) രൂപയുടെ സ്പോർട് സ് ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിന് മുദ്ര വച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ആവശ്യമായ സാധനങ്ങളുടെ പട്ടിക അനുബന്ധം - 1 ആയി ചേർത്തിട്ടുണ്ട്.

*<u>വ്യവസ്ഥകൾ</u>*

സപ്ലൈയ്ക്കായി ഏറ്റവും കുറഞ്ഞ നിരക്കുകൾ രേഖപ്പെടുത്തുന്ന ദർഘാസുകൾ തെരഞ്ഞെടുക്കുന്നതാണ്.

പ്രത്യേക കാരണം കൂടാതെ ഏതൊരു ദർഘാസും നിരസിക്കുന്നതിനുള്ള അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമാണ്.

വില്പന നികുതി ഉൾപ്പെടെയുള്ള നിരക്കുകൾ ടെണ്ടറിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും സാധന സാമഗ്രികൾ കോളേജിൽ എത്തിച്ച തരേണ്ടതുമാണ്.അധിക ഇനത്തിൽ യാതൊരു തുകയും അനുവദനീയമല്ല. ടെണ്ടർ അടക്കം ചെയ്ത കവറിന് മുകളിലായി <u>സ്പോർട് സ് ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടർ</u> എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. പ്രിൻസിപ്പാൾ, ഗവ.കെ.എൻ.എം ആർട് സ് & സയൻസ് കോളേജ്, കാഞ്ഞിരംകുളം പി.ഒ., തിരുവനന്തപുരം (ജില്ല), പിൻ 695 524 എന്ന മേൽ വിലാസത്തിൽ, നിരതദ്രവ്യമായി Rs.2000/- (രണ്ടായിരം രൂപ മാത്രം) പ്രിൻസിപ്പാളിന്റെ പേർക്ക് മാറാവുന്ന ഡിമാൻറ് ഡ്രാഫ്റ്റ് സഹിതമാണ് ടെണ്ടറുകൾ അയച്ച തരേണ്ടത്.

സപ്ലൈക്കായി തെരഞ്ഞെടുക്കപ്പെടുന്നവർ ഈ ഓഫീസിൽ നിന്നും സപ്ലൈ ഉത്തരവ് ലഭ്യമായി ഏഴ് (7) ദിവസത്തിനകം കേരളം സംസ്ഥാനത്തിനകത്ത് നിന്നും വാങ്ങിയ ഇരുന്നൂറ് (200) രൂപയുടെ മുദ്ര പത്രത്തിൽ ഒരു കരാർ നിർദ്ദിഷ്ട മാതൃകയിൽ സമർപ്പിക്കേണ്ടതും നിർദ്ദേശിക്കുന്ന സാധനങ്ങൾ പതിനാല് ദിവസത്തിനകം മെച്ചപ്പെട്ടനിലവാരത്തിൽ സപ്ലൈ ചെയ്യേണ്ടതുമാണ്. തെരഞ്ഞെടുക്കപ്പെടുന്ന ദർഘാസുകളിൽ വീഴ്ച വരുത്തുന്ന പക്ഷം അവരുടെ പേർക്കുള്ള സപ്ലൈ ഉത്തരവ് റദ്ദ് ചെയ്യുന്നതും തൊട്ടടുത്ത കുറഞ്ഞ നിരക്കിലെ ടെണ്ടർ തെരഞ്ഞെടുക്കുന്നതുമാണ്. കരാർ തുക വിതരണം ചെയ്യുന്നതിനായി ഇൻവോയിസിൻറെ മൂന്ന് കോപ്പികൾ അയച്ചതരേണ്ടതാണ്.

ദർഘാസ് ഫോറങ്ങൾ കോളേജ് ഓഫീസിൽ നിന്നും Rs.600/-(അറുന്നൂറ് + മൂല്യ വർദ്ധിത നികുതി നിരക്കിൽ) ഒറിജിനലും,രൂപ 300/-(മുന്നൂറ് രൂപ + മൂല്യ വർദ്ധിത നികുതി നിരക്കിൽ) ഡ്യൂപ്ലിക്കേറ്റും 08/02/2021 വരെയുള്ള എല്ലാ പ്രവർത്തി ദിവസങ്ങളിലും ഉച്ചയ്ക്ക് രണ്ട് മണി വരെ ലഭിക്കുന്നതാണ്. ടെണ്ടർ ഫോറം തപാൽ മുഖേന ആവശ്യമുള്ളവർ ടെണ്ടർ വിലയോടൊപ്പം തപാൽ നിരക്ക് കൂടിയായ മുപ്പതു രൂപ

(30) ഉൾപ്പെടെ മണിയോർഡർ ആയി പ്രിൻസിപ്പാളിന്റെ പേർക്ക് മുൻകൂട്ടി അയച്ചു തരേണ്ടതാണ്.

ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി 08/02/2021 ഉച്ചയ്ക്ക് 2.30 ആയി നിജപ്പെടുത്തിയിരിക്കുന്നതും, അന്നേ ദിവസം 3.00 മണിക്ക് തന്നെ സന്നിഹിതരായിരിക്കുന്ന ദർഘാസുകാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.

കൂടുതൽ വിവരങ്ങൾ കോളേജ് ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്**.(Ph.0471-2260092), EmailID : knmcollege@gmail.com**

**Web: knmgovtcollege.ac.in**

പ്രിൻസിപ്പാൾ

# Approval Valid

Digitally Approved By
DR. ANURADHA. V. K
Date: 15.01.2021
Reason: Approved